ഇറയം റിസർച്ച് ജേർണൽ
Volume IV Issue 3

# ചരിത്രവും കവിതയും സച്ചിദാനന്ദന്റെ കവിതകളെ മുൻനിർത്തിയുള്ള പഠനം

**എൻ കെ നിഷിത് കുമാർ**

ഏറ്റവും ഗൗരവപൂർവ്വം നിർവഹിക്കപ്പെടേണ്ട ഭാഷാ വ്യവഹാരമാണ് കവിത. കാലത്തിൽ ഉണർന്നിരിക്കുന്ന കവി ചരിത്രത്തിൽ സക്രിയമായി ഇടപെടൽ നടത്തുന്നു. കവിതയുടെ ഉന്നത മാതൃകകൾ പലതും ഈവിധത്തിൽ സാമൂഹികജീവിതത്തിലും ചരിത്രത്തിലും നടത്തിയ ജാഗ്രതയുടെ അടയാളങ്ങളാണ്. ജീവിതത്തിന്റെ നട്ടുച്ചകളിൽ നിന്നും മാറിനടക്കാൻ ആഗ്രഹിച്ച കവികൾക്ക്പോലും കാലത്തിന്റെ മുദ്രകളും മുറിവുകളും മുന്നേറ്റങ്ങളും അറിയാതെതന്നെ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. ലോക കാവ്യ ചരിത്രത്തിലും ഇന്ത്യൻ സാഹചര്യങ്ങളിലും മലയാളകവിതയിലും ഈ വിധത്തിലുള്ള ചരിത്രബന്ധങ്ങൾ വായിച്ചെടുക്കാൻ കഴിയും. കവികൾ ഏറിയും കുറഞ്ഞും ചരിത്രത്തെ സ്വാംശീകരിക്കാൻ ശ്രമിച്ചവരാണ്. സാമൂഹിക ജീവിതത്തിന്റെ പ്രതിഫലനങ്ങൾ കവിയും കാലവും ഏറ്റുവാങ്ങിയത് എങ്ങനെയെന്നറിയാൻ കാവ്യ ചരിത്രത്തിലൂടെ യാത്ര ചെയ്താൽ മതിയാകും.

ലോകത്തെ പിടിച്ചുകുലുക്കിയ നവോത്ഥാനത്തിന്റെയും ഫ്രഞ്ച് വിപ്ലവത്തിന്റെയും റഷ്യൻ വിപ്ലവത്തിന്റെയും ഒക്കെ പതാകവാഹകർ കവികളായിരുന്നു. പലപ്പോഴും സമൂഹിക സാംസ്കാരിക രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് മുമ്പേതന്നെ അതിന്റെ പ്രവാചകന്മാരാവാൻ കവികൾക്ക് കഴിയാറുണ്ട്. ഇന്ത്യൻദേശീയ പ്രസ്ഥാനത്തിന് സാഹിതീയമായ പിൻബലമുണ്ടായിരുന്നു. രവീന്ദ്രനാഥടാഗോറും ബങ്കിം ചന്ദ്രനും മറ്റും ദേശീയതലത്തിൽ സ്വാതന്ത്ര്യസമരത്തിന്റെ വക്താക്കളായപ്പോൾ മലയാളത്തിന്റെ പ്രിയ കവികൾ വള്ളത്തോളും കുമാരനാശാനും ദേശീയ പ്രസ്ഥാനത്തിന്റെ

കേരളീയ മുഖങ്ങളായി. കാല്പനിക കവിയായി മുദ്രയടിക്കപ്പെട്ട ചങ്ങമ്പുഴക്ക് പോലും കേരളത്തിലെ ജന്മി-കുടിയാൻ ബന്ധത്തിന്റെ സംഘർഷങ്ങളിലേക്ക് പ്രവേശിക്കേണ്ടിവന്നു. കാരണം ഒരു ശുദ്ധ കാല്പനിക കവിക്ക് പോലും വിട്ടുകളയാൻ കഴിയാത്ത വിധം കേരളീയ ജീവിതം രാഷ്ട്രീയവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. തുടർന്ന് ഇടശ്ശേരിയിലും വൈലോപ്പിള്ളിയിലും വയലാറിലും ചെറുകാടിലുമൊക്കെ കേരളത്തിന്റെ തിളക്കമാർന്ന ചരിത്രവും അതിന്റെ സൂക്ഷ്മ ഭാവങ്ങളും കടന്നു വരികയുണ്ടായി. അടുത്ത തലമുറ അക്ഷരാർത്ഥത്തിൽ കവിതയെ രാഷ്ട്രീയമായി ഏറ്റെടുത്തവരാണ്. ഒഎൻവിയും കടമ്മനിട്ടയും കെ ജി ശങ്കരപ്പിള്ളയും സച്ചിദാനന്ദനും എല്ലാം ആ തലമുറയുടെ പ്രതിനിധികളാണ്.

1960-കൾ മുതൽ കവിതയുടെ മേഖലയിൽ സച്ചിദാനന്ദൻ സജീവ സാന്നിധ്യമാണ് കൊടുങ്ങല്ലൂർക്കാരനായ ഈ കവി മലയാളവും ഇന്ത്യയും കടന്ന് വ്യാപിക്കുകയായിരുന്നു. കവി എന്ന നിലയിൽ മാത്രമല്ല സാംസ്കാരിക ലോകത്ത് നിരന്തരം ഉണർന്നിരിക്കുന്ന ചിന്തകൻ എന്ന നിലയിലും സച്ചിദാനന്ദന് പ്രത്യേക പ്രാധാന്യമുണ്ട്. സൈദ്ധാന്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ സംവാദങ്ങൾക്ക് അദ്ദേഹത്തിന്റെ കവിതകളിൽ പ്രത്യേക ഇടമുണ്ട്. സാർവ്വ ദേശീയതലത്തിലും ഇന്ത്യയിലും കേരളത്തിലുമുള്ള രാഷ്ട്രീയ ചരിത്രസംഭവങ്ങൾ സച്ചിദാനന്ദന്റെ കവിതകൾക്ക് ദൃഢതയും ആഴവും പ്രദാനം ചെയ്യുന്നു. മാക്സിസം അദ്ദേഹത്തിന്റെ കവിതകളുടെ ദിശാസൂചിക നിർണയിക്കുന്നതിൽ വളരെയധികം സ്വാധീനിച്ചതായി കാണാം. സമഗ്രമായ ഒരു സിദ്ധാന്തം എന്ന നിലയിൽ മാർക്സിസത്തെ മുറുകെ പിടിക്കുമ്പോഴും അതിന്റെ പ്രായോഗിക അധികാര രൂപങ്ങളോട് കലഹിക്കാനും അദ്ദേഹത്തിന്റെ കവിതകൾ തയ്യാറാകുന്നുവെന്നത് ശ്രദ്ധേയമാണ്. സ്ത്രീപക്ഷ നിലപാടുകൾ, പരിസ്ഥിതി ബോധം, ദളിത് കാഴ്ചപ്പാടുകൾ എന്നിവ തന്റെ കവിതയുടെ ശക്തിയും തെളിച്ചവും ആക്കാൻ സച്ചിദാനന്ദൻ നിരന്തരം ശ്രമിക്കുന്നുണ്ട്.

സച്ചിദാനന്ദന്റെ സുദീർഘമായ കാവ്യ ജീവിതത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തിയാൽ അന്തർദേശീയവും ദേശീയവും കേരളീയവുമായ ചരിത്ര വസ്തുതകളും വർത്തമാനകാല സംഭവവികാസങ്ങളും അദ്ദേഹത്തിന്റെ കവിതകളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നത് കാണാം. ചരിത്ര ദൃശ്യങ്ങളുടെ പരമ്പര സിനിമാറ്റിക് ശൈലിയിൽ സച്ചിദാനന്ദന്റെ കവിതകളിൽ കടന്നുവരുന്നതായി ആർ വിശ്വനാഥൻ നിരീക്ഷിച്ചിട്ടുണ്ട്.[1] ചരിത്രത്തിൽനിന്ന് സ്വീകരിക്കുന്ന ഊർജ്ജം സമൂഹത്തിന്റെ പുരോഗമനത്തിൽ ഇന്ധനമാക്കി മാറ്റേണ്ടത് എങ്ങനെയെന്ന് ഈ കവിക്കറിയാം. എന്തുകൊണ്ടാണ് ഒരു കവി ഈവിധത്തിൽ ചരിത്രത്തെ, രാഷ്ട്രീയ സംസ്കാരിക പ്രശ്നങ്ങളെ തന്റെ കവിതയിൽ പ്രത്യക്ഷത്തിൽ തന്നെ ഉപയോഗിക്കുന്നത് എന്ന അന്വേഷണം പ്രസക്തമാണ്. ചരിത്ര വസ്തുതകൾ കവിതയിൽ സ്വീകരിക്കപ്പെടുമ്പോൾ അത് കവിതയെ എങ്ങനെ സ്വാധീനിക്കുന്നു? ശക്തി ക്ഷയങ്ങൾ സംഭവിക്കുന്നുണ്ടോ? കവിതയും ചരിത്രവും പിരിഞ്ഞു പോവാത്ത വിധം സംശ്ലേഷിക്കപ്പെടുന്നത് എങ്ങനെയാണ്? ഈ തെരഞ്ഞെടുപ്പ് ബോധപൂർവ്വം സംഭവിക്കുന്നതാണോ? തുടങ്ങിയ സംശയങ്ങൾക്കുള്ള അന്വേഷണം എന്നനിലയിലാണ് ഈ പ്രബന്ധംതയ്യാറാക്കുന്നത്.

### പഠന ലക്ഷ്യം, പരികല്പന, രീതിശാസ്ത്രം,

ചരിത്രവും സമകാലിക രാഷ്ട്രീയ സംഭവവികാസങ്ങളും കവിതയിൽ സന്നിവേശിപ്പിക്ക പെടുമ്പോൾ അത് സച്ചിദാനന്ദന്റെ കവിതയെ ഏതുവിധത്തിൽ സ്വാധീനിക്കുന്നു എന്ന അന്വേഷണമാണ് ഈ പഠനത്തിലെ ലക്ഷ്യം.

ഒരു കവി തന്റെ രാഷ്ട്രീയ നിലപാടുകളും ബോധ്യങ്ങളും സ്ഥാപിച്ചെടുക്കാനുള്ള സൂക്ഷ്മമായ രചനാരീതി എന്ന നിലയിലാണ് ചരിത്രവും രാഷ്ട്രീയവും ഉൾപ്പെടുത്തിക്കൊണ്ടുള്ള സവിശേഷമായ

കാവ്യഭാഷ ആവിഷ്കരിക്കുന്നത് എന്നതാണ് ഈ പ്രബന്ധത്തിന്റെ പരികല്പന.

കവിതകളുടെ സാഹിതീയ സവിശേഷതകൾക്കപ്പുറം അതിൽ പരാമർശിക്കപ്പെടുന്ന രാഷ്ട്രീയ ചരിത്ര സാഹചര്യങ്ങൾകൂടി പരിശോധിക്കപ്പെടണം എന്നതിനാൽ ചരിത്രപരവും സംസ്കാരിക ഭൗതികവാദപരവും എന്നുപറയാവുന്ന സാംസ്കാരിക പഠനത്തിന്റെ രീതിശാസ്ത്രമാണ് ഇവിടെ ഉപയോഗിക്കുന്നത്.

**മലയാളകവിതയുടെ രാഷ്ട്രീയഭൂമിക**

കാലത്തിന്റെ വേദനകൾ ഏറ്റെടുക്കാനുള്ള കവിയുടെ ശ്രമങ്ങൾ ആദികവിയായ വാല്മീകിയിൽ തന്നെ നമുക്ക് കണ്ടെത്താൻ കഴിയും. അമ്പേറ്റു വീണ ക്രൗഞ്ച മിഥുനങ്ങളിൽ ഒന്നിന്റെ കണ്ണീരു തേടി പോവുകയായിരുന്നു ആ കവിഹൃദയം. എഴുത്തച്ഛനോടുകൂടി ശക്തിപ്പെടുന്ന മലയാളഭാഷയിലെ പ്രധാന കവികൾ കവിതയെ കാലത്തോട് ചേർത്ത് വെക്കാൻ ശ്രമിച്ചവരാണ്. സാഹിത്യചരിത്രത്തിലെ വിവിധ പ്രസ്ഥാനങ്ങൾ എടുത്തു പരിശോധിച്ചാലും അവ കാലത്തിന്റെ അനിവാര്യതയായിരുന്നു എന്ന് മനസ്സിലാകും. ഭക്തിപ്രസ്ഥാനവും നവോത്ഥാനവും പുരോഗമന സാഹിത്യ പ്രസ്ഥാനവും ഈവിധത്തിൽ കാലത്തിന്റെ കയ്യൊപ്പു പതിഞ്ഞവയാണ്. "പഴയ ചാക്രിക ജീവിത വ്യവഹാരങ്ങളെ തകർത്തു ആധുനിക പൗരസമൂഹത്തിലെ ഇച്ഛാശക്തിയും സൗന്ദര്യ ബോധവുമുള്ള വ്യക്തിസത്തകൾക്ക് രൂപമരുളാൻ പോന്ന പുതിയ വ്യവഹാര മണ്ഡലങ്ങൾ സൃഷ്ടിച്ചെടുക്കാനുള്ള ചരിത്രത്തിന്റെ അബോധ ദൗത്യം ഏറ്റെടുത്ത ഒന്നായിരുന്നു നമ്മുടെ നവോത്ഥാനകവിതയും അത് സൃഷ്ടിച്ചപാരമ്പര്യവും."[2]

ശ്രീനാരായണന്റെ പ്രസ്ഥാനമാണ് കുമാരനാശാന്റെ കവിതയെ ബലപ്പെടുത്തിയ കാമ്പ് . ജാതിമതാതീതമായ, ഉച്ചനീചത്വങ്ങളില്ലാത്ത മനുഷ്യനെക്കുറിച്ചുള്ള ഗുരുവിന്റെ

ആശയങ്ങളാണ് കുമാരനാശാനെ, ചരിത്രസ്മാരകങ്ങൾ എന്നുപറയാവുന്ന 'ചണ്ഡാലഭിക്ഷുകിയും' 'ദുരവസ്ഥയും' പോലെയുള്ള കൃതികളിലേക്ക് നയിച്ചത് .അദ്ദേഹം ഒറ്റക്കായിരുന്നില്ല ഒരു പ്രസ്ഥാനത്തിന്റെ മുൻനിര മാത്രമായിരുന്നു. സാമൂഹിക ജീവിതത്തിൽ ഉച്ചനീചത്വങ്ങൾക്കെതിരെ ഉള്ള സമരങ്ങൾ നടക്കുന്ന കാലത്ത് കവിതയിൽ അതേറ്റെടുക്കുകയായിരുന്നു മലയാളത്തിന്റെ പ്രിയ കവി. ഗാന്ധിയൻ മൂല്യങ്ങളുടെ പിൻബലം വള്ളത്തോളിനെ പ്രബുദ്ധനാക്കിത്തീർത്തു. ഗാന്ധിജിയെ തന്റെ മാത്രം ഗുരുനാഥനായല്ല ലോകത്തിന്റെതന്നെ നന്മയുടെ പ്രതീകമായിട്ടാണ് വള്ളത്തോൾ വായിച്ചെടുക്കുന്നത് .ഗാന്ധിയോടുള്ള അകമഴിഞ്ഞ ആരാധന തന്റെ ജന്മസിദ്ധമായ പരിമിതികൾക്ക് പുറത്തുകടക്കാനും ദേശീയത എന്ന വലിയ ലക്ഷ്യത്തിൽ എല്ലാറ്റിനെയും സമന്വയിപ്പിക്കാനും വള്ളത്തോളിനെ പ്രാപ്തനാക്കി. ഗാന്ധിജിയും അദ്ദേഹത്തിന്റെ ആശയങ്ങളും വള്ളത്തോളിന്റെ കവിതയുടെ ആന്തരിക താളമായി തീർന്നു. ആകാശത്തിലെ തുടുത്ത മേഘ കൂട്ടങ്ങളിലും അദ്ദേഹം കണ്ടെടുക്കുന്നത് ഗാന്ധിജിക്ക് നൂൽ നൂൽക്കാനുള്ള പരുത്തിയാണ്.

കേരളം നിരന്തരം പരിണമിച്ചുകൊണ്ടിരുന്നു. ദേശീയ പ്രസ്ഥാനത്തിൽ നിന്നും അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയായും പിന്നീട് തീവ്രവാദസ്വഭാവമുള്ള നക്സലൈറ്റ് മൂവ്മെന്റുകളായും ചരിത്ര പരിണാമം നമുക്ക് അനുഭവിക്കാൻ കഴിഞ്ഞു. ശ്രീനാരായണഗുരുവും അയ്യങ്കാളിയും മറ്റും നയിച്ച കീഴാള മുന്നേറ്റ പ്രസ്ഥാനങ്ങൾ, ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനം, അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ജന്മിത്തത്തിനെതിരെ നടന്ന ധീരവും സാഹസികവുമായ ചെറുത്തുനിൽപ്പുകൾ, അവയുടെ കലാപ സ്വഭാവം, നെക്സലേറ്റ് മുന്നേറ്റങ്ങൾ എന്നിവ ഈ കൊച്ചു കേരളത്തെ അത്ഭുതകരമാംവണ്ണം മാറ്റിത്തീർത്തു. ഈ ചരിത്രത്തിനൊപ്പം കവികളും സഞ്ചരിക്കുകയായിരുന്നു. ചങ്ങമ്പുഴ 'വാഴക്കുല' രചിക്കുന്നത് ഈ ചരിത്രഘട്ടത്തിലാണ്. "കരുമാടിക്കുട്ടൻമാരുടെയും

മലയപ്പുലയന്റെയ്യും വൈരുദ്ധ്യത്തിന്റെ വർണ്ണനയിലൂടെ മേലാളരുടെ ചൂഷണങ്ങളോട് രോഷം ജനിപ്പിച്ചുകൊണ്ടാണ് ചങ്ങമ്പുഴ വർഗ്ഗബോധത്തിന് അതീതമായ സഹൃദയത്തത്തിന്റെ ഉള്ളറകളിലേക്ക് നേരെ കടന്നുവന്നത്"[3].എന്ന് എം ലീലാവതി നിരീക്ഷിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ 'പണി മുടക്കവും''പുത്തൻകലവും അരിവാളും' വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കലും' ഒക്കെ ഈവിധത്തിൽ ചരിത്രത്തിന്റെ ഇടപെടലുകളാണ്.

## 1.2 പുതുകവിത സച്ചിദാനന്ദന്റെ ഇടപെടലുകൾ

കാല്പനിക പ്രസ്ഥാനം അതിന്റെ തന്നെ ആഭ്യന്തര വൈരുദ്ധ്യങ്ങളാൽ നാശോന്മുഖമായി തീരുകയും മരവിക്കുകയും ചെയ്ത ഘട്ടത്തിലാണ് മലയാളത്തിൽ പുതിയ കവിത വികസിച്ചുവരുന്നത്. അയ്യപ്പപണിക്കർ, എം ഗോവിന്ദൻ, ആറ്റൂർ രവിവർമ്മ, കടമ്മനിട്ട, കെ ജി ശങ്കരപ്പിള്ള, സച്ചിദാനന്ദൻ എന്നിവരെല്ലാം ഈ പുതിയ കവിതയുടെ നേതൃത്വം ഏറ്റെടുത്തു. പാശ്ചാത്യ കാവ്യ പരിചയവും പ്രവാസ ജീവിതവും ഇവരുടെ കവിതകളെ സങ്കീർണ്ണമാക്കിത്തീർത്തു. കടമ്മനിട്ട കീഴാള ദേശീയതയുടെ സൂചനകൾ പ്രത്യക്ഷത്തിൽ തന്നെ ഉയർത്തി പിടിച്ചിട്ടുണ്ട്. 'കുറത്തിയും' 'കിരാതവൃത്ത'വും 'കാട്ടാളനും' ഒക്കെ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ പ്രാതിനിധ്യം അടയാളപ്പെടുത്തുന്നത് കാണാം. കെ ജി ശങ്കരപ്പിള്ളയുടെ 'ബംഗാൾ' പോലെയുള്ള കവിതകൾ നക്സൽബാരി സംഭവത്തിൽനിന്ന് ഉൾക്കൊണ്ട ഊർജ്ജം കാണിച്ചുതരുന്നു.

മലയാളകവിതയിൽ സൗന്ദര്യാത്മകമായ നിരവധി പ്രതിസന്ധികൾക്കും സന്ദിഗ്ധതകൾക്കും ഇടയിലേക്കാണ് സച്ചിദാനന്ദന്റെ ആദ്യകാല കവിതകൾ പിറന്നുവീഴുന്നത്. ചങ്ങമ്പുഴക്ക് ശേഷം അദ്ദേഹത്തിന്റെ അനുകർത്താക്കൾ ഉണ്ടാക്കിയെടുത്ത ജഡരൂപങ്ങൾ കാവ്യലോകത്ത് ജനിച്ചു കൊണ്ടിരുന്നു. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ലേബലിൽ മുദ്രാവാക്യ കവിതകൾ ആഘോഷിക്കപ്പെട്ടുകൊണ്ടിരുന്നു. നവീന

കവിതയുടെ മറ്റൊരു ധാര അസ്തിത്വ ദുഃഖത്തിന്റെ പൊരുൾ തേടി ജീവിതത്തിൽ നിന്ന് ഒളിച്ചോട്ടം നടത്തുകയായിരുന്നു. അനിശ്ചിതത്വം നിറഞ്ഞ ഈ കാലത്തിന്റെ അവ്യവസ്ഥിതത്വം സച്ചിദാനന്ദന്റെ ആദ്യകാല കവിതകളിൽ കാണാം. ഭൂമിയിൽ ആനന്ദം സാധ്യമാണോ എന്ന എന്ന അന്വേഷണമാണ് അദ്ദേഹം എക്കാലത്തും കവിതയിൽ നടത്തിപ്പോന്നത്. "ആദ്യ കവിതകളിൽ ഞാൻ ഈ പ്രമേയം കൈകാര്യം ചെയ്തിരുന്നത് തീർത്തും ആത്മനിഷ്ഠവും അതിനാൽതന്നെ കുറച്ചൊക്കെ അതിഭൗതികമായ തലത്തിലാണ്. ഉപനിഷത്ത് ചിന്തകളും മറ്റും എന്നെ ഗാഢമായി സ്വാധീനിക്കുകയും ചെയ്തിരുന്നു."[4] വ്യക്തിപരവും സാമൂഹികവുമായ ദുരനുഭവങ്ങളും പീഡനങ്ങളും തികച്ചും ആത്മനിഷ്ഠമായാണ് ഇക്കാലത്ത് സച്ചിദാനന്ദൻ ഏറ്റുവാങ്ങിയത്. വ്യക്തി സമഷ്ടി ദുഃഖങ്ങൾക്ക് ആദ്ധ്യാത്മികമായ പരിഹാരമാർഗങ്ങൾ ഇല്ലെന്നും ഭൗതികമായ പോംവഴികൾ ആലോചിക്കേണ്ടതുണ്ടെന്നുമുള്ള കാഴ്ചപ്പാടിലേക്ക് കവി വളർന്നതിന്റെ സൂചനകൾ പിൽക്കാല കവിതകളിൽ കാണാം.

"എന്നാൽ അവന് ബ്രഹ്മസാക്ഷാത്കാരം കൈവന്നില്ല.
ബന്ധങ്ങൾ അവന് സമ്മാനിച്ചത് ദുഃഖം മാത്രമായിരുന്നു.
.................................................................................
കുറേക്കാലം അവൻ മരിക്കുന്ന മനുഷ്യന്റെ
വിധി ഓർത്തു കരഞ്ഞു.
പിന്നീട് ജീവിക്കുന്ന മനുഷ്യരുടെ വിധിയോർത്ത് ക്ഷോഭിച്ചു."[5]

"നീതിരഹിതമായ ജീവിതാവസ്ഥകൾ നിലനിൽക്കുന്ന ലോകത്ത് ആനന്ദം സാധ്യമല്ല. സ്വാതന്ത്ര്യവും നീതിയും അന്തസ്സുമില്ലാത്ത ലോകത്തിൽ ആനന്ദം അസാധ്യമാണ്. അപ്പോൾ മനുഷ്യന് ഈ ഗ്രഹത്തിലെ തന്റെ നിവാസത്തെ ദുരന്ത പൂർണ്ണമാക്കി മാറ്റുന്ന എല്ലാറ്റിനെയും എതിരിട്ടേപറ്റൂ. സ്വേച്ഛാധിപത്യം, സമഗ്രാധിപത്യം, ഇല്ലായ്മ, യുദ്ധം, മനുഷ്യൻ മനുഷ്യനു മേൽ നടത്തുന്ന ചൂഷണം, മനുഷ്യ ലോഭം പ്രകൃതിക്കുമേൽ നടത്തുന്ന ചിന്താശൂന്യമായ

ആക്രമണം ഇവയെല്ലാം നിലനിർത്തുന്നത് അധികാര ഘടനകൾ ആയതുകൊണ്ട് ആയതുകൊണ്ട് ആ അധികാര ഘടനകളെ ചെറുക്കാതെ മനുഷ്യന്റെ മോചനം സാധ്യമല്ല. മനുഷ്യന്റെ എന്നപോലെ കവിതയുടെയും ഒന്നാമത്തെ ശത്രു ബാഹ്യമായ അധികാരമാണ്."[6]

ഇരുളിന്റെ ശക്തികളെ തീക്ഷ്ണമായ പ്രകാശത്തിന്റെ വാൾ മുനകളാൽ മുറിച്ചുമാറ്റുന്ന സൂര്യൻ സച്ചിദാനന്ദന്റെ കവിതകളിലെ ഒരു പ്രത്യാവർത്തി ബിംബമായി (Recurring Image) പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നത് ഇക്കാലത്താണ്. ഇരുളിൽ കഴിയുന്നവർക്ക് അത് പ്രത്യാശയുടെ കിരണങ്ങൾ നൽകുന്നു

"എങ്കിലും നാളെ
കരിപിടിച്ച നിന്റെ മനസ്സിൽ
മുനിഞ്ഞുകത്തുന്ന തിരിയിൽ നിന്ന്
ഒരു സൂര്യനുയരും."[7]

സച്ചിദാനന്ദന്റെ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന സൂര്യൻ പഠന വിധേയമായിട്ടുണ്ട്. ജഡാവസ്ഥയിൽ ആണ്ടുപോയ ഭാഷയെ നവീകരിക്കാനുള്ള ഒരു ഭാഷാ വ്യവഹാരമായാണ് സൂര്യൻ പ്രത്യക്ഷപ്പെടുന്നതെന്ന് ബി രാജീവൻ നിരീക്ഷിക്കുന്നു. "സംവേദന സാധ്യതകൾ തടയപ്പെട്ട ഭാഷയുടെ ഇരുട്ടിൽ ആണ്ടു പോയ ലോകത്തെ വീണ്ടും പ്രകാശിപ്പിക്കാൻ കവിതയിൽ ഉദിച്ചുവരുന്ന ഒരു സൂര്യനാണത്. ഈ പുതിയ സൂര്യനെ ഉദിപ്പിക്കാൻ ഭാഷയുടെ ജഡത തകർത്ത് പുതിയൊരു ലോകത്തിന്റെ ഘടന സൃഷ്ടിക്കാൻ നടത്തപ്പെടുന്ന പ്രവർത്തനമാണ് ഇവിടെ കവിത."[8] ചരിത്രത്തിൽനിന്ന് സച്ചിദാനന്ദൻ കണ്ടെടുക്കുന്ന, വിട്ടുകളയാൻ മടിക്കുന്ന രണ്ട് ബിംബങ്ങൾ ബുദ്ധനും ക്രിസ്തുവും ആണ്. ത്യാഗത്തിന്റേയും കാരുണ്യത്തിന്റേയും അചഞ്ചലമായ ആത്മവിശ്വാസത്തിന്റേയും പ്രതീകമാണ് ക്രിസ്തു. അപരിഷ്കൃതമായ ജീവിതവീക്ഷണങ്ങൾ വെച്ചുപുലർത്തിയിരുന്ന ഒരു ജനതക്ക് സ്നേഹത്തിന്റെ അർത്ഥവും ത്യാഗത്തിന്റെ മഹത്വവും കാണിച്ചുകൊടുക്കുകയാണ് ക്രിസ്തു ചെയ്തത്. എന്നാൽ ക്രിസ്തുവിനെ

നിസ്സംഗമായ സഹനത്തെ സച്ചിദാനന്ദൻ അംഗീകരിക്കുന്നില്ല. 'ക്രിസ്തുവിന്റെ ശവക്കച്ച' എന്ന കവിതയിൽ:

"അധ്വാനിക്കുന്നവരെയും
ഭാരം ചുമക്കുന്നവരെയും
ചൂഷണത്തിനെതിരെ പോരാടാൻ
പഠിപ്പിക്കുന്നതിന് പകരം
അവരെ അടിമ കിടത്തി
യജമാനന്മാരുടെ ഹൃദയം
മാറ്റാൻ പുറപ്പെടുന്നവർക്ക്
കുരിശുമരണം മാത്രമാണ് പ്രതിഫലമെന്ന്
വരും തലമുറയെങ്കിലും മനസ്സിലാക്കട്ടെ."[9]

സച്ചിദാനന്ദന്റെ ബുദ്ധൻ പരിത്യാഗത്തിന്റെ ആൾരൂപമല്ല, പ്രതിഷേധത്തിന്റെ ശക്തിയാണ്. നിസ്സംഗനായ അഹിംസാവാദിയിൽനിന്നും പോരാളിയിലേക്ക് ബുദ്ധനെ ഈ കവി മാറ്റിത്തീർക്കുന്നു. "കത്തിമുനയിലൂടെ നടന്നുകൊണ്ട് ഈ ലോകത്തിലെ മഹാ ദുരിതങ്ങളുടെയും തീവ്രമായ സങ്കടങ്ങളുടെയും ഉറവിടം തേടുന്ന യാഥാർത്ഥ്യം അറിയുന്ന ബുദ്ധന്റെ ക്രോധം സച്ചിദാനന്ദന്റെ കവിതകളിലുണ്ട്."[10] ദുരധികാരം, അനീതി, അസത്യം, ഇവയുടെ ഒരു രൂപത്തോടും സന്ധിചെയ്യാത്ത സമഗ്ര മനുഷ്യനെ സ്വപ്നംകാണുന്ന ആത്മീയതയുടെ പ്രതിരൂപമായാണ് സച്ചിദാനന്ദന്റെ കവിതകളില് ബുദ്ധൻ പ്രത്യക്ഷപ്പെടുന്നത്. 'ദു:ഖവെള്ളിയാഴ്ച' എന്ന കവിതയിൽ ആദിവാസികളെ കലാപത്തിന്റെ രഹസ്യം പഠിപ്പിക്കുന്ന തികവുറ്റ പോരാളിയാണ് ബുദ്ധൻ. കർണ്ണൻ, അഹല്യ തുടങ്ങിയ ഇതിഹാസ കഥാപാത്രങ്ങളും സച്ചിദാനന്ദന്റെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും അവരെയെല്ലാം പൗരാണികമായ അസ്തിത്വത്തിൽ നിന്ന് പുറത്തുകൊണ്ടുവരുവാൻ കവി ജാഗ്രത കാണിക്കുന്നുണ്ട്.

മാക്സിയൻ ആശയങ്ങളുടെ സ്വാധീനത്താൽ അടിമുടി നവീകരിക്കപ്പെട്ട കവിയാണ് സച്ചിദാനന്ദൻ. അവിച്ഛിന്നമായ സർഗാത്മകതയോടു കൂടിയ പുതിയ മനുഷ്യനെ സൃഷ്ടിക്കാനുള്ള ചരിത്രത്തിന്റെ സാർത്ഥകമായ ശ്രമമായിരുന്നു മാർക്സിസം. നവമാനവനെ കുറിച്ചുള്ള മാർക്സിയൻ സ്വപ്നമാണ് തന്നെ കൂടുതലായി സ്വാധീനിച്ചതെന്ന് സച്ചിദാനന്ദൻ പറയുന്നു. [11]

"പൂക്കളെ കുറിച്ച് പാടാവുന്ന സമയം വരും
അപ്പോൾ എല്ലാമനുഷ്യരും കവികളാകും. "[12]

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ മാർക്സിസ്റ്റ് ആശയങ്ങളുടെ സ്വാധീനം കേരളത്തിൽ വേരു പിടിച്ചു തുടങ്ങിയിരുന്നു. ചെറുതും വലുതുമായ തൊഴിലാളി-കർഷക സമരങ്ങൾ, പുന്നപ്ര-വയലാർ പ്രക്ഷോഭം പോലുള്ള രക്തരൂഷിതമായ കലാപങ്ങളിലേക്ക് വളരുകയും ചെയ്തു. മാർക്സിയൻ ആശയങ്ങളുടെ സ്വാധീനം വിവിധ ചരിത്ര സംഭവങ്ങളെയും കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളെയും തന്റെ കവിതയിലേക്ക് നേരിട്ടുതന്നെ കൊണ്ടുവരാൻ സച്ചിദാനന്ദനെ പ്രേരിപ്പിക്കുകയായിരുന്നു. മാർക്സ്, ലെനിൻ, മാവോ, ഹോചിമിൻ, ചെഗുവേര, നെരൂദ തുടങ്ങിയവരെല്ലാം പല കവിതകളിലും തീക്കാറ്റായി കടന്നു വരുന്നത് കാണാം. ഇക്കാലത്ത് ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനത്തിന്റെ ഭാഗമായ സംസ്കാരിക വേദി പ്രവർത്തനങ്ങളിൽ സച്ചിദാനന്ദൻ പങ്കാളിയായിരുന്നു. പ്രയോഗികമായി പരാജയപ്പെട്ടുവെങ്കിലും ഈ പ്രസ്ഥാനം കേരളത്തിന്റെ സാംസ്കാരിക മേഖലയെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. സംസ്കാരിക രംഗത്ത് ഇടതുപക്ഷത്തിന്റെവിശാല ഐക്യം സാധ്യമാക്കുന്ന, കലാപ്രവർത്തനങ്ങൾ ജനകീയ വൽക്കരിക്കുന്ന ഒരു പുതിയ സംസ്കാരിക മുക്തി പ്രസ്ഥാനത്തിന്റെസ്വഭാവം സാംസ്കാരിക വേദി പ്രവർത്തനങ്ങൾക്ക് ഉണ്ടായിരുന്നു. എഴുപതുകളിൽ ആസന്നമായ വിപ്ലവത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ കേരളീയ ജീവിതത്തെ അടിമുടി പ്രക്ഷുബ്ധമാക്കി തീർത്തു. ഈ കാലത്തിന്റെ രാഷ്ട്രീയ ഭാഗധേയം

തന്റെ കൃതികളിൽ സച്ചിദാനന്ദൻ ഏറ്റെടുത്തു. അതിവൈകാരികവും കലാപോന്മുഖവും തീക്ഷ്ണവുമായ സച്ചിദാനന്ദന്റെ കവിതകൾ മിക്കതും രചിക്കപ്പെടുന്നത് ഈ കാലത്താണ്. ഇന്ത്യനവസ്ഥ സച്ചിദാനന്ദന് മോഹന സുന്ദരമായ ഒരു സങ്കൽപ്പമായിരുന്നില്ല. ഇന്ത്യൻ യാഥാർത്ഥ്യത്തെ രൂക്ഷമായി പരിഹസിക്കുന്ന കവിതകൾ ഇക്കാലത്തുണ്ടായി. ഭരണകൂടം ഉയർത്തിപ്പിടിക്കുന്ന കപട മതേതരത്വത്തിന്റെയും സോഷ്യലിസത്തിന്റെയും യഥാർത്ഥ മുഖം തുറന്നുകാണിക്കുന്ന ക്ഷോഭത്തിന്റെ യും കടുത്ത ആക്ഷേപഹാസ്യത്തിന്റെയും കവിതകൾ ഇക്കാലത്ത് രചിക്കപ്പെട്ടു.

"ഇന്ത്യാ നിൻറെ വയറ്റിൽ പിറന്നതിന്റെനാണം മറയക്കാൻ
ഒരു ദേശീയ പതാക പോലുമില്ലാതെ
ഞാൻ ചൂളി ഉറഞ്ഞു പോകുന്നു."[13]

ചരിത്രത്തെയും വസ്തുതകളെയും അമിതമായി ആശ്രയിക്കുന്നത് കൊണ്ട് കവിതയുടെ സൗന്ദര്യ തലങ്ങൾ നഷ്ടപ്പെടുമെന്ന ആശങ്ക സച്ചിദാനന്ദന് ഇല്ല. പ്രാസവും വൃത്തവും ഇല്ലാത്ത കവിത എന്ന ശുദ്ധ കാവ്യ വാദത്തിന്റെ ആക്ഷേപങ്ങൾക്ക് കവി മറുപടി പറയുന്നുണ്ട്. തന്റെ കവിതയുടെ വൃത്തം ഓടയിൽ പെറ്റുവീണ കുഞ്ഞിന്റെ നിലവിളിയുടെ വൃത്തം ആണെന്നും അതിനെ പ്രാസം തടവറയിലെ കർഷകന്റെ പക നിറഞ്ഞ പേശികളുടെ പ്രയാസമാണെന്നും പ്രഖ്യാപനം പോലെ അദ്ദേഹം എഴുതിയിട്ടുണ്ട്.

അടിയന്തരാവസ്ഥക്കാലം ഇന്ത്യക്കാരെ സ്വാതന്ത്ര്യത്തിന്റെ മൂല്യം എന്തെന്ന് ഓർമ്മപ്പെടുത്തി. സെൻസർഷിപ്പിന്റെ നാളുകളിൽ പലരും നിശ്ശബ്ദരാവുകയും പക്ഷം മാറുകയും ചെയ്തു. 'നിക്ഷ്പക്ഷത', 'ആരാണ്ശത്രു', 'നാവുമരം' തുടങ്ങിയ കവിതകൾ അടിയന്തരാവസ്ഥയുടെ വിമർശനം ഉൾക്കൊള്ളുന്നതാണ്. രാജ്യത്തിൻറെ ഗതികേടുകണ്ട് അദ്ദേഹം എഴുതി:

"ഇപ്പോഴിതാ മഹത്തായ ഒരു രാജ്യം

ഓക്സിജൻ സിലിണ്ടറിനരികെ കണ്ണടച്ച് കിടക്കുന്നു
അതിൻറെ നാഡിമിടിപ്പ് താണു താണു പോകുന്നു.
മനുഷ്യസംസ്കാരത്തെ സമ്പന്നമാക്കിയ ഒരു ജനത ഒന്നടങ്കം
കറുത്ത ഉടുപ്പണിഞ്ഞ് ശവമഞ്ചവും വലിച്ചിഴയുന്നു.
ബലാൽസംഗം ചെയ്ത് നാവരിയപ്പെട്ട സത്യം
നമ്മുടെ ഇരുട്ടറകളിൽ പറന്നുഴലുന്നു. "[14]

"നമ്മുടേത് ഒരു തുറു കണ്ണൻ സമയമാണ്,' 'നമ്മുടേത് ഒരു പ്രേത മുഹൂർത്തമാണ്" തുടങ്ങിയ പ്രയോഗങ്ങൾ എഴുപതുകളിലെ ഇന്ത്യൻ യാഥാർത്ഥ്യത്തെ അതിന്റെ തീവ്രതയിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. അച്ഛൻ ദൈവ കാരുണ്യത്താൽ വെള്ളമിറക്കാതെ ചത്തു എന്നും പെങ്ങൾ നാടുവിട്ടു എന്നും വിമോചനത്തെക്കുറിച്ച് സംസാരിച്ച അനുജൻ ജയിലിലാണെന്നും പറയുമ്പോൾ അടിയന്തരാവസ്ഥയുടെ ഭീകരത വായനക്കാരിലേക്ക് നിറയുന്നു. അടിയന്തരാവസ്ഥ പിൻവലിച്ചപ്പോൾ പൊൻപുലരി പുലർന്നു എന്ന് കരുതിയവരുടെ കൂട്ടത്തിൽ അദ്ദേഹം ഉണ്ടായിരുന്നില്ല ആപേക്ഷികമായി സ്ഥാപിച്ചെടുക്കേണ്ട ഒന്നായിരുന്നില്ല ഈ കവിക്ക് സ്വാതന്ത്ര്യം. അത് വർഗ്ഗങ്ങൾക്ക് അപ്പുറത്തെ മഹാകാശത്തിന്റെ സംഗീതമാണെന്ന് അദ്ദേഹം കരുതി. "സ്വാതന്ത്ര്യത്തെ സംബന്ധിച്ച അമൂർത്ത കാല്പനിക സ്വപ്നങ്ങൾക്കും ജീവിത യാഥാർഥ്യങ്ങൾക്കും നടുവിൽ സ്വാതന്ത്ര്യത്തിന്റെ സാധ്യത തന്നെയാണ് ഈ കവിയുടെ പ്രശ്നം"[15] എന്ന് ബി രാജീവൻ നിരീക്ഷിക്കുന്നു.

കമ്മ്യൂണിസ്റ്റ് ആചാര്യന്മാരെയും വിപ്ലവകാരികളെയും ആദർശ വൽക്കരിക്കുന്ന ധാരാളം കവിതകൾ സച്ചിദാനന്ദൻ എഴുതിയിട്ടുണ്ട്. 'വിയറ്റ്നാം', 'ക്യൂബ-ക്യൂബ', 'ഹോചിമിൻ', 'രക്തസാക്ഷികളുടെ രാത്രി' തുടങ്ങിയ കവിതകളിലൊക്കെ ഈവിധത്തിൽ വിപ്ലവ ചരിത്രം സംക്ഷേപിക്കപ്പെടുന്നു. ഇന്ത്യൻ ദേശീയത എന്ന ബൂർഷ്വാ സങ്കല്പം അതിന്റെ സ്വഭാവംകൊണ്ട് മുതലാളിത്തത്തിന്റെ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നത്. മതപരമായി അത് സവർണ

ഹൈന്ദവ സ്വഭാവം പുലർത്തുന്നു. സാഹിത്യത്തിൽ അത് സംസ്കൃതത്തിലെ കുലീനതാ സങ്കൽപ്പത്തിന് ഒപ്പമാണ്. 'ഇന്ത്യ ചുവരിൽ തൂങ്ങുന്ന ചിതൽതിന്ന ഒരു ഭൂപടവും' ഒരു 'എല്ലിൻ താഴ്വരയും' ആണ് എന്ന യാഥാർത്ഥ്യം 'പനി' എന്ന കവിതയില് വ്യക്തമാക്കുന്നുണ്ട്. ചരിത്രവും രാഷ്ട്രീയവും പ്രത്യക്ഷത്തിൽ തന്നെ കവിതയിലേക്ക് കൊണ്ടുവന്നു എന്നതാണ് സച്ചിദാനന്ദൻ മലയാളഭാഷയിൽ വരുത്തിയ വലിയൊരു പരീക്ഷണം. നിലനിൽക്കുന്ന അധികാര വ്യവസ്ഥ തകർത്ത് മറ്റൊരു ലോകം സൃഷ്ടിക്കണമെന്ന് ആഗ്രഹിക്കുന്ന കവിക്ക് ചരിത്രത്തിൽ ശ്രദ്ധിക്കാതെ നിവൃത്തിയില്ല. പുതിയ മനുഷ്യനും പുതിയ മാനവികതയും പുലരണമെന്ന് ആഗ്രഹിക്കുന്നവർ ചരിത്രത്തിലും അതിനെ രൂപീകരിച്ച സാമൂഹിക-രാഷ്ട്രീയ സംഭവങ്ങളിലും ഇടപെടേണ്ടതുണ്ട്. സച്ചിദാനന്ദന്റെ കൃതികളിൽ കാണുന്ന ചരിത്ര രാഷ്ട്രീയ പരാമർശങ്ങൾ വർത്തമാനത്തിൽ നിന്ന് ഒളിച്ചോടാനുള്ള വഴിയല്ല, മറിച്ച് ലോകത്തെ പുനഃസൃഷ്ടിക്കാനുള്ള ശ്രമമാണ് എന്ന് വേണം കരുതാൻ. രാജാക്കന്മാരുടെയും യുദ്ധങ്ങളുടെയും ചരിത്രത്തിൽ നിന്നും പുരാവസ്തുക്കളിൽ നിന്നും സാധാരണ മനുഷ്യന്റെ ജീവിത ഗാഥ യായി അദ്ദേഹം ചരിത്രത്തെ വീണ്ടെടുക്കുന്നു.

"മോഹൻജൊദാരോവിലെ വറ്റിപ്പോയ പുഷ്കരത്തിൽ
വലിച്ചെറിയപ്പെട്ട നാഴികമണിയല്ല ചരിത്രം.
കനിഷ്കന്റെ നാണയത്തിൽ
നാൾതോറും മങ്ങിവരുന്ന ചിത്രലിപികളല്ല.
സമുദ്രഗുപ്തന്റെസംഗീതം നിലച്ച തമ്പുരുമല്ല അത്.
ഓരോ നിമിഷവും കോടിക്കണക്കിനു കാലുകളിൽ
അത് നമ്മുടെ ചെറിയ കണ്ണുകൾക്ക്
മുമ്പിലൂടെ കടന്നുപോകുന്നു."[16]

'സോക്രട്ടീസിന് വിഷം കൊടുത്ത കോപ്പയും' 'റോമിൽ അടിമകളെ പൂട്ടിയിട്ട തുടലും' 'പിരമിഡുകൾ ക്കായി കല്ലുരുട്ടുമ്പോൾ ചിതറിപ്പോയ കൈകൾ അരിഞ്ഞെടുത്ത മഴുവും' 'ചൈനയിൽ കൃഷിക്കാരെ ജീവനോടെ പുഴുങ്ങിയ വാർപ്പും' 'സ്പെയിനിൽ അവിശ്വാസികളെ ചുട്ടു കൊല്ലുവാനായി കെട്ടിയിട്ടകയറും'..... കവി കണ്ടെത്തുന്നു. ഈവിധത്തിൽ അടിച്ചമർത്തപ്പെട്ട മനുഷ്യരുടെ വേദനകൾ ചേർത്തുവച്ചാണ് സച്ചിദാനന്ദൻ ചരിത്രം രചിക്കുന്നത്. വിപ്ലവകാരികളായ ഹോചിമിൻ, ചെഗുവേര, റോസാ ലക്സംബർഗ്, ഗബ്രിയേൽ പെറി, വർഗീസ്, ഭ്രമയ്യ.... തുടങ്ങിയവർ പലവുരു കവിതയിൽ കടന്നു വരുന്നത് കാണാം.

"കരിമ്പിൻ തോട്ടങ്ങളുടെ
തൊണ്ണനീറ്റുന്ന മാധുര്യങ്ങളിൽ നിന്ന്
പുകയിലയുടെ എരിവൂറുന്ന അദൃശ്യ ധമനികളിലേക്ക്
കൂടുമാറിയ ഗവേര...."[17]

കേരളചരിത്രത്തിൽ വീരഗാഥകൾ തീർത്ത പഴശ്ശിരാജയും കുറിച്യപ്പടയും വയലാറിലെ വാരിക്കുന്തങ്ങളും കവിതയിൽ ഇടം നേടുന്നു. ഭൂതകാലത്തിന്റെ വിസ്മൃതിയിൽ നിന്ന് വർത്തമാനത്തിന്റെ ജൈവികതയിലേക്ക് സച്ചിദാനന്ദൻ ചരിത്ര വ്യക്തിത്വങ്ങളെ ഇറക്കി കൊണ്ടുവരുന്നു. മലയാളിയുടെ രാഷ്ട്രീയ ജീർണ്ണതയെ പരിഹസിക്കാനും സച്ചിദാനന്ദൻ ഉദാഹരിക്കുന്നത് ചരിത്രത്തിൽ നിന്നുള്ള സൂചനകളാണ് .'പത്രക്കാരൻ' എന്ന കവിതയിൽ ശ്രീനാരായണന്റെ അനുയായിയും കെ കേളപ്പന്റെ സുഹൃത്തും എ കെ ഗോപാലന്റെ സഖാവുമായ വൃദ്ധൻ ചോർന്നൊലിക്കുന്ന കൂരയിൽ കാത്തിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മകളിൽ കേരളത്തിലെ വലിയ ജന മുന്നേറ്റങ്ങളുടെ ചരിത്രമുണ്ട്.പക്ഷേ അയാൾ പ്രതീക്ഷിക്കുന്നതല്ല അയാൾക്ക് കാഴ്ചയാകുന്നത്.

"വരുന്നത് കുറിച്യപ്പടയും പുന്നപ്ര വയലാറുമല്ല,
വരുന്നത് തെരഞ്ഞെടുപ്പുത്സവത്തിന്റെ ഒരു വാടക ജാഥ.
..............................................................................

വരുന്നത് തിരുനെറ്റിയിൽ ചോപ്പൻ നക്ഷത്രമുള്ള
വിമോചന സേനയല്ല,
വരുന്നത് അപ്പൂപ്പന്റെ മടിയിൽ തലചായ്ച്ച് കരയാൻ
അനാഥരായ പേരക്കിടാക്കൾ... ” [18]

സച്ചിദാനന്ദന് ചരിത്രബോധം പ്രകടമാകുന്ന മറ്റൊരു കവിതയാണ് 'നെല്ല്'.ഉഴവുകാരന്റെ ഓണക്കിനാവിൽ നിന്നും ഞാറുനട്ടവന്റെ വീരഗാഥകളിൽനിന്നും കള പറച്ചവരുടെ അധ്വാനത്തിന്റെ ഉപ്പിൽ നിന്നും കുരുത്ത ഇന്ദ്രജാലമാണ് നെല്ല്. സ്വർണ്ണ കൊട്ടാരത്തിന്റെ തവിട്ടു മുറിയിലിരുന്ന് നെല്ല് കൊയ്ത്തു കാരനെ സ്വപ്നം കാണുന്നു. നെല്ല് മലയാളിയുടെ ഗൃഹാതുരത്വത്തിന്റെയും ഒപ്പം അതിജീവനത്തിന്റെയും അടയാളമാണ്.

" ഭാവിയുടെ നക്ഷത്രത്തെ പോലെ
ഞങ്ങളുടെ സ്വപ്നങ്ങളെ
കലാപങ്ങളിലേക്ക് പ്രകോപിപ്പിക്കുന്നവൾ
ഞങ്ങളുടെ പ്രാണൻ നിലനിർത്തുന്നവൾ
ഞങ്ങളുടെ ദിക്കു നിർണ്ണയിക്കുന്നവൾ
ഒരുപിടി ഒരുപിടി ചോറ്.” [19]

ചരിത്രത്തിലെ തെറ്റുകളെ ചോദ്യങ്ങളിലൂടെ വിമർശിക്കുന്ന രീതി സച്ചിദാനന്റെ കവിതകളിൽ കാണാം. 'കൺഫ്യൂഷ്യസിന്റെ ജ്ഞാനോദയം' എന്ന കവിതയിൽ കളിവണ്ടി ഉരുട്ടുന്ന രണ്ട് കുട്ടികൾ തെരുവിൽ വെച്ച് കൊച്ചുകൊച്ചു ചോദ്യങ്ങളിലൂടെ കൺഫ്യൂഷ്യസിനെ ഉത്തരം മുട്ടിക്കുന്നുണ്ട്. ഇക്കാലമത്രയും ഒരു ജനതയെ ഉത്തരം പഠിപ്പിക്കാൻ മുടക്കിയ തന്റെ ജന്മം എത്ര വ്യർത്ഥം എന്ന് കൺഫ്യൂഷ്യസ് തിരിച്ചറിയുന്നത് കുട്ടികൾക്ക് മുൻപിൽ നിശബ്ദനായപ്പോഴാണ്. "സാംസ്കാരിക ചരിത്രത്തിന്റെ

ഉപ്പ ഘടന വായിച്ചെടുക്കാനുള്ള സൂക്ഷ്മദർശിനിയാണ് സച്ചിദാനന്ദന്റെ കവിതയിലെ കുട്ടികൾ"20 എന്ന് കെ.ജി ശങ്കരപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്.

ചരിത്രം രാഷ്ട്രീയം സാമൂഹിക പ്രശ്നങ്ങൾ എന്നിവ ഇഴചേർത്തു കൊണ്ടുള്ള സവിശേഷമായ കാവ്യഭാഷ സച്ചിദാനന്ദൻ വിജയകരമായി പരീക്ഷിച്ചു. അപ്പോഴും കവിത ലളിതമായിരുന്നു. വായനക്കാർക്ക് പിടികിട്ടാത്ത ഗഹനതയല്ല, ആഴത്തിലേക്ക് താഴ്ന്നിറങ്ങുന്ന തീവ്രതയാണ് ആ കവിതയുടെ മുഖമുദ്ര. "സമൂഹിക യാഥാർത്ഥ്യത്തിന്റെ രൂക്ഷ ചിത്രങ്ങളിലൂടെ അനായാസമായി ചലിക്കുന്ന ഈ കവിത കവിയിൽ നിന്നുയർന്ന് സമൂഹത്തെ ഉൾക്കൊണ്ട് തന്നിലേക്ക് തിരികെ വരുന്ന ഒരു വൃത്തം പോലെ സ്വാഭാവികമാണ്"[21]എന്ന് നരേന്ദ്രപ്രസാദ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സച്ചിദാനന്ദന്റെ കവിതയുടെ സൂക്ഷ്മ പഠനം തുടർന്നുള്ള അദ്ധ്യായങ്ങളിൽ നിർവഹിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കുറിപ്പുകൾ

1. ആർ. വിശ്വനാഥൻ, 'ശിലകളായ് മാറുന്ന വാക്കുകൾ', സച്ചിദാനന്ദന്റെ ലോകങ്ങൾ,(മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി)2006 പു. 44
2. ബി.രാജീവൻ, 'ജനനിബിഡമായ ദന്തഗോപുരം', (ചിന്ത പബ്ലിഷിംഗ് ഹൗസ്) 1991പു.137
3. എം.ലീലാവതി, കവിതാരതി,(മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി)1997 പു. 164
4. കെ. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ കവിതകൾ' (അക്ഷരം പ്രിൻറിംഗ് ആൻഡ് പബ്ലിഷിങ് കമ്പനി) 1983പു. 21
5. അതേ പുസ്തകം,പു. 228
6. കെ. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ സംഭാഷണങ്ങൾ' (മലയാളം പബ്ലിക്കേഷൻ) 1989 പു.12

7. കെ. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ കവിതകൾ' (അക്ഷരം പ്രിൻറിംഗ് ആൻഡ് പബ്ലിഷിങ് കമ്പനി) 1983പു. 200
8 ബി.രാജീവൻ, 'ജനനിബിഡമായ ദന്തഗോപുരം', (ചിന്ത പബ്ലിഷിംഗ് ഹൗസ്) 1991പു.134
9 കെ. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ കവിതകൾ' (അക്ഷരം പ്രിൻറിംഗ് ആൻഡ് പബ്ലിഷിങ് കമ്പനി) 1983പു. 22
10 പ്രസന്നരാജൻ, 'കേരള കവിതയിലെ കലിയും ചിരിയും' (ഡിസിബുക്സ്) 1999 പു.72
11 കെ. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ കവിതകൾ' (അക്ഷരം പ്രിൻറിംഗ് ആൻഡ് പബ്ലിഷിങ് കമ്പനി) 1983പു. 24
12 അതേ പുസ്തകം,പു. 224
13 അതേ പുസ്തകം,പു. 148
14 അതേ പുസ്തകം,പു. 224
15 ബി.രാജീവൻ, 'ജനനിബിഡമായ ദന്തഗോപുരം', (ചിന്ത പബ്ലിഷിംഗ് ഹൗസ്) 1991പു.137
16കെ. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ കവിതകൾ' (അക്ഷരം പ്രിൻറിംഗ് ആൻഡ് പബ്ലിഷിങ് കമ്പനി) 1983പു. 290
17 അതേ പുസ്തകം,പു. 344
18 അതേ പുസ്തകം,പു. 421
19 അതേ പുസ്തകം,പു. 290
20 കെ.ജി. ശങ്കരപ്പിള്ള, 'അഞ്ചും ഒന്നും', സച്ചിദാനന്ദന്റെ ലോകങ്ങൾ,(മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി)2006 പു. 133
21 ആർ.നരേന്ദ്രപ്രസാദ്. 'വചനത്തിന്റെ സിര'. സച്ചിദാനന്ദന്റെ ലോകങ്ങൾ. സമ്പാ. (മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി) 2006 പു. 37

**ഉപദർശനങ്ങൾ**

സച്ചിദാനന്ദന്റെ കവിതകൾക്ക് മലയാള കാവ്യചരിത്രത്തിൽ സവിശേഷമായ ഇടമുണ്ട്. കവിതയെ സാമാന്യമായ സുന്ദര്യാവിഷ്കാരത്തിന്റെ വഴി എന്നതിനപ്പുറം മനുഷ്യവംശത്തിന്റെ വികാസചരിത്രവുമായി ബന്ധപ്പെടുത്താനുള്ള ശ്രമം സച്ചിദാനന്ദൻ നടത്തിയിട്ടുണ്ട്. ചരിത്രസംഭവങ്ങൾ, ചരിത്ര പുരുഷന്മാർ /സ്ത്രീകൾ എന്നിവരെക്കുറിച്ചുള്ള പരാമർശങ്ങൾ, സമൂഹിക രാഷ്ട്രീയ സംഭവവികാസങ്ങൾ എന്നിവ കോർത്തിണക്കിക്കൊണ്ടുള്ള വ്യത്യസ്തമായ കാവ്യഭാഷ സദാനന്ദൻ ആവിഷ്കരിച്ചതായി കാണാം. പിശകു പറ്റിയാൽ രാഷ്ട്രീയ മുദ്രാവാക്യമായി പോകാവുന്നതായിരുന്നിട്ടും ഈ കാവ്യഭാഷയെ ജനപ്രിയമാക്കുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു എന്ന് കാണാം. തന്റെ രാഷ്ട്രീയവും മനുഷ്യ വിമോചനാത്മകമായ നിലപാടുകൾ വായനക്കാരിൽ എത്തിക്കാനുള്ള ശ്രമത്തിൽ നിന്നാണ് കവി ഈ ഭാഷ രൂപപ്പെടുത്തിയത്. വായനക്കാരുടെ മനസിൽ നിശ്ചിതമായ ചോദ്യങ്ങൾ ഉയർത്താൻ കഴിയുന്ന കാവ്യഭാഷ പ്രത്യക്ഷത്തിൽ ലളിതമെങ്കിലും അതീവ സൂക്ഷ്മവും സങ്കീർണവുമായ ഒരു ആവിഷ്കാര രീതിയാണ്.

**ഗ്രന്ഥസൂചി**


1. അച്യുതനുണ്ണി, ചാത്തനാത്ത് 1993 സാഹിത്യ ഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ. ശുകപുരം, വള്ളത്തോൾ വിദ്യാപീഠം.
2. അപ്പൻ. കെ പി. 1991 തിരസ്കാരം. കോഴിക്കോട്, ബോധി പബ്ലിഷിങ് ഹൗസ്.
3. ---------------- 1993 ക്ഷോഭിക്കുന്നവരുടെ സുവിശേഷം. കോഴിക്കോട്, ബോധി പബ്ലിഷിങ് ഹൗസ്.
4. അയ്യപ്പപ്പണിക്കർ. കെ. 1998 അയ്യപ്പപണിക്കരുടെ ലേഖനങ്ങൾ. 1980- 90 കോട്ടയം, ഡിസി ബുക്ക്സ്.
5. ----------------2006 'വിഷത്തിൽ നിന്ന് കവിത.'

6. സച്ചിദാനന്ദൻ ലോകങ്ങൾ. സമ്പാ.കോഴിക്കോട്, മാതൃഭൂമി ബുക്സ്.
7. അരവിന്ദാക്ഷൻ. എ. 2002 കവിതയിലെ സ്ഥലകാലങ്ങൾ. തൃശ്ശൂർ, കറൻറ് ബുക്സ്.
8. ആനന്ദ് 1986 പ്രജ്ഞയും കരുണയും. പന്തളം, പുസ്തക പ്രസാധക സംഘം.
9. ----------------1991 ജൈവമനുഷ്യൻ. കോട്ടയം, ഡിസി ബുക്സ്.
10. ----------------2001 വേട്ടക്കാരനും വിരുന്നുകാരനും. കോട്ടയം, ഡിസി ബുക്സ്.
11. ആസാദ് 1992 പ്രതിബോധത്തിന്റെ പാഠങ്ങൾ. കോഴിക്കോട്, സെക്കുലർ ബുക്സ്.
12. ഇ എം എസ്, ഗോവിന്ദപിള്ള. പി. 2008 ഗ്രാംഷിയൻ വിചാരവിപ്ലവം. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
13. കുഞ്ഞഹമ്മദ്. കെ. ഇ. എൻ. 1999 കറുപ്പിനെ സൗന്ദര്യശാസ്ത്രം. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
14. കൊസാംബി. ഡി.ഡി. 1985 മിത്തും യാഥാർത്ഥ്യവും. പന്തളം, പുസ്തക പ്രസാധക സംഘം.
15. ----------------1986 രോഷജനകമായ പ്രബന്ധങ്ങൾ. പന്തളം, പുസ്തക പ്രസാധക സംഘം.
16. ഗോവിന്ദപിള്ള. പി. 1988 സ്വാതന്ത്ര്യത്തിന്റെ സാർവ്വദേശീയത. പയ്യന്നൂർ, നയന
17. ----------------1992 സാഹിത്യം പുരോഗതിയും അധോഗതിയും. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
18. ദാസ്. പി. എൻ. 1999 ബോധിവൃക്ഷത്തിലെ ഇലകൾ. കോഴിക്കോട്, മൾബറി പബ്ളിക്കേഷൻസ്.
19. ദിലീപ് രാജ്. 2000 നവചരിത്രവാദം. കോട്ടയം, ഡിസി ബുക്സ്.
20. നാരായണൻ. സി.പി. 1981 അതിവിപ്ലവത്തിന്റെ ദാർശനികപ്രശ്നങ്ങൾ. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.

21. നാരായണപിള്ള. കെ.എസ്. 2006 'യുവകവിതയുടെ സൂര്യമുഖം'. സച്ചിദാനന്ദന്റെ ലോകങ്ങൾ. സമ്പാ. കോഴിക്കോട്, മാതൃഭൂമി ബുക്സ്.
22. നരേന്ദ്രപ്രസാദ്. ആർ. 2006 'വചനത്തിന്റെ സിര'. സച്ചിദാനന്ദന്റെ ലോകങ്ങൾ. സമ്പാ. കോഴിക്കോട്, മാതൃഭൂമി ബുക്സ്.
23. പ്രസന്നരാജൻ. 1999 കേരള കവിതയിലെ കലിയും ചിരിയും. കോട്ടയം, ഡിസി ബുക്സ്.
24. മധു. ടി.വി. 1999 നവമാർക്സിസ്റ്റ് വിമർശം. കോട്ടയം, ഡി.സി. ബുക്സ്.
25. മാർക്സ് കാറൽ 1980 തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം. മോസ്കോ, പ്രോഗ്രസ് പബ്ലിക്കേഷൻസ്.
26. മാർക്സ്, എംഗൽസ് 2006 കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
27. മാവോ -സെ- ദുങ് 2008 പുതിയ ജനാധിപത്യം. വിവ,
28. സി. ഭാസ്കരൻ. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
29. മോഹൻരാജ്. എ.ടി. 1997 ചരിത്രത്തിന്റെ സാന്ത്വനം. കാലിക്കറ്റ് യൂണിവേഴ്സിറ്റി, ലെഫ്റ്റ് ബുക്സ്.
30. രവീന്ദ്രൻ സമ്പാ. 1983 കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം. കൊച്ചി, നിള പബ്ലിക്കേഷൻസ്.
31. രാജീവൻ. ബി. 1980 സ്വാതന്ത്ര്യത്തിന്റെ സമഗ്രത. പറവൂർ, വീഥി ബുക്ക്സ്.
32. ----------------1990 അന്യവൽക്കരണവും യോഗവും. കോഴിക്കോട്, മൾബറി പബ്ലിഷിങ് ഹൗസ്.
33. ----------------1991 (1) ജനനിബിഡമായ ദന്തഗോപുരം. തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.
34. ----------------1991 (2) മാർക്സിസവും ശാസ്ത്രവും. തിരുവനന്തപുരം, ഫോക്കസ് ബുക്സ്.
35. ലീലാവതി. എം. 1985 മലയാള കവിതാ സാഹിത്യ ചരിത്രം. തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.

36. ----------------1997 കവിതാരതി. കോഴിക്കോട്, മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി.
37. ----------------2006 'രൂപാന്തരപ്രാപ്തി സച്ചിദാനന്ദന്റെ കവിതകളിൽ'. സച്ചിദാനന്ദന്റെ ലോകങ്ങൾ. സമ്പാ. കോഴിക്കോട്, മാതൃഭൂമി ബുക്സ്.
38. വിജയൻ. ഒ. വി. 1988 (1) സന്ദേഹിയുടെ സംവാദം. കോട്ടയം, കറൻറ് ബുക്സ്.
39. ----------------1988 (2 )വർഗ്ഗസമരം സ്വത്വം. കോട്ടയം, കറൻറ് ബുക്സ്.
40. വിജയൻ. എം. എൻ. 1981 ചിതയിലെ വെളിച്ചം. കോഴിക്കോട്, പൂർണ്ണ പബ്ലിക്കേഷൻസ്.
41. ----------------1989 ശീർഷാസനം. തലശ്ശേരി, അകം സമിതി.
42. ---------------- 1996 സംസ്കാരവും സ്വാതന്ത്ര്യവും. തിരുവനന്തപുരം, ചിന്ത പബ്ലിഷിംഗ് ഹൗസ്.
43. വിശ്വനാഥൻ. ആർ. 2006 'ശിലകളായ് മാറുന്ന വാക്കുകൾ'. സച്ചിദാനന്ദന്റെ ലോകങ്ങൾ. സമ്പാ. കോഴിക്കോട്, മാതൃഭൂമി ബുക്സ്.
44. വേണു. കെ. 1985 സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കാരം. പന്തളം ,പുസ്തക പ്രസാധക സംഘം.
45. ----------------1992 ഒരു കമ്മ്യൂണിസ്റ്റുകാരന്റെ ജനാധിപത്യ സങ്കല്പം. തൃശ്ശൂർ, വിചാരം.
46. ശങ്കരപ്പിള്ള. കെ.ജി. 2006 'അഞ്ചും ഒന്നും'. സച്ചിദാനന്ദന്റെ ലോകങ്ങൾ. സമ്പാ. കോഴിക്കോട്, മാതൃഭൂമി ബുക്സ്.
47. ശ്രീജൻ. വി.സി 1996 വാക്കും വാക്കും. കണ്ണൂർ, സമീക്ഷ. ----------------2006 'അപനിർമ്മാണം തന്ത്രവും മാതൃകയും'. സച്ചിദാനന്ദന്റെ ലോകങ്ങൾ. കോഴിക്കോട്, മാതൃഭൂമി ബുക്സ്.

48. ശ്രീധരമേനോൻ. എ. 2000 'സാംസ്കാരിക പശ്ചാത്തലം'. മലയാള സാഹിത്യ ചരിത്രം നൂറ്റാണ്ടുകളിലൂടെ- രണ്ടാംഭാഗം. സമ്പാ. തിരുവനന്തപുരം, പി. കെ. പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി.
49. സച്ചിദാനന്ദൻ. കെ. 1982 കവിതയും ജനതയും. കോട്ടയം, നാഷണൽ ബുക്ക് സ്റ്റാൾ.
50. ----------------1983 സച്ചിദാനന്ദന്റെ കവിതകൾ.കോട്ടയം, അക്ഷരം പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി.
51. ----------------1987 ഇവനെക്കൂടി. കോട്ടയം, ഡി.സി. ബുക്സ്.
52. ----------------1989 സച്ചിദാനന്ദന്റെ സംഭാഷണങ്ങൾ. കോഴിക്കോട്, മലയാളം പബ്ലിക്കേഷൻ.
53. ----------------1990 പടവുകൾ. കോഴിക്കോട്, പൂർണ്ണ പബ്ലിക്കേഷൻസ്.
54. ----------------1991 അന്വേഷണങ്ങൾ. കോഴിക്കോട്, ബോധി പബ്ലിഷിംഗ് ഹൗസ്.
55. ----------------1993 സൗന്ദര്യവും അധികാരവും. കോഴിക്കോട്, മൾബറി പബ്ളിക്കേഷൻസ്.
56. ----------------1995 ദേശാടനം. കോട്ടയം, ഡി.സി. ബുക്സ്.
57. ----------------1996 (1) മലയാളം. കോട്ടയം, ഡി.സി. ബുക്സ്.
58. ----------------1996 (2) മുഹൂർത്തങ്ങൾ. കോട്ടയം, ഡി.സി. ബുക്സ്.
59. ----------------1998 അപൂർണ്ണം. കോട്ടയം, ഡി.സി.ബുക്സ്.
60. ----------------1999 (1) തിരഞ്ഞെടുത്ത കവിതകൾ. 1965-98. തൃശ്ശൂർ, കറൻറ് ബുക്സ്.
61. ----------------1999 (2) നെരൂദ. സമ്പാ. കോഴിക്കോട്, മൾബറി പബ്ളിക്കേഷൻസ്.
62. ----------------2000 സംഭാഷണത്തിന് ഒരു ശ്രമം. കോട്ടയം, ഡി.സി.ബുക്സ്.
63. ----------------2001 ഭാരതീയ കവിതയിലെ പ്രതിരോധ പാരമ്പര്യം. കോട്ടയം, ഡി.സി. ബുക്സ്.

64. ----------------2002 വിക്ക്. കോട്ടയം, ഡി.സി. ബുക്സ്.
65. ----------------2004 സാക്ഷ്യങ്ങൾ. കോട്ടയം, ഡി.സി. ബുക്സ്.
66. ----------------2009 മറന്നുവെച്ച വസ്തുക്കൾ. കോട്ടയം, ഡി.സി. ബുക്സ്.
67. ---------------2019 പക്ഷികൾ എന്റെ പിറകെ വരുന്നു.കോട്ടയം, ഡി.സി. ബുക്സ്.
68. സുധാകരൻ. സി.ബി. ഉത്തരാധുനികത. കോട്ടയം, ഡി.സി. ബുക്സ്.